**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3004** **18-03-2022 - ൽ മറുപടിയ്ക്ക്**

**ഫാമിലി പെൻഷൻ അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | null<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരള ജല അതോറിറ്റിയിൽ പി.എച്ച്.ഇ.ഡി. ൽ ഓപ്പറേറ്റർ മെക്കാനിക്കായിരുന്ന പി.ജി. പരമു 05.04.1987-ൽ മരണപ്പെട്ടതിനെ തുടർന്ന് ടിയാന്റെ ഭാര്യ ലക്ഷ്മി പരമുവിന് ലഭിച്ചുകൊണ്ടിരുന്ന ഫാമിലി പെൻഷൻ 15.03.2011-ൽ അവർ മരണപ്പെട്ടതിനെ തുടർന്ന് അവരെ ആശ്രയിച്ച് കഴിഞ്ഞിരുന്ന അവിവാഹിതയായ മകൾ പി.പി.ഗിരിജയ്ക്ക് ലഭിക്കുന്നതിനായി 09.06.2011-ന് സമർപ്പിച്ച അപേക്ഷയിൽ ഫാമിലി പെൻഷൻ അനുവദിക്കുന്നതിന് നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ; | (എ) | ശ്രീമതി. പി.പി.ഗിരിജ ഫാമിലി പെൻഷൻ ലഭിക്കുന്നതിനായി ഫോം 6 പ്രകാരം അപേക്ഷ സമർപ്പിച്ചത് 15.03.2021ൽ ആയിരുന്നു. പ്രസ്തുത അപേക്ഷ 21.06.2021 തീയതിയിൽ വാട്ടർ അതോറിറ്റി, ഹെഡ് ഓഫിസിൽ നിന്നും സർക്കാറിലേക്ക് സമർപ്പിച്ചിരുന്നു. എന്നാൽ കുടുംബ പെൻഷൻ, സേവന വിവരങ്ങൾ എന്നിവ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ നൽകുവാൻ കേരള വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ട് കൊണ്ട് സർക്കാരിൽ നിന്നും 15.11.2021 ൽ WS-B3/246/2021/WRD നമ്പർ കത്ത് നൽകുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ വിവരങ്ങൾക്കായി കേരള വാട്ടർ അതോറിറ്റിയിൽ നിന്നും 14.12.2021 തീയതിയിൽ സബ് ട്രഷറി ഓഫീസർ, നായരമ്പലം, എക്സിക്യൂട്ടീവ് എഞ്ചിനീയർ, പബ്ലിക് ഹെൽത്ത് ഡിവിഷൻ കൊച്ചി, കേരള വാട്ടർ അതോറിറ്റി എന്നിവർക്ക് കത്ത് നൽകിയിരിക്കുകയാണ്. |
| (ബി) | പ്രസ്തുത ഫാമിലി പെൻഷൻ എന്നത്തേക്ക് ലഭ്യമാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | ആവശ്യപ്പെട്ട വിവരങ്ങൾ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ആയവ പരിശോധിച്ച് പെൻഷന് അർഹതയുണ്ടെങ്കിൽ അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ